4. പ്രസിഡന്റ്/സെക്രട്ടറി, കേരള സഹകരണ എംപ്ലോയീസ് ഓർഗനൈസേഷൻ.

5. പ്രസിഡന്റ്/സെക്രട്ടറി, കേരള സഹകരണ എംപ്ലോയീസ് കൗൺസിൽ.

(സി) അപേക്ഷ പരിശോധിച്ചുവരുന്നു.

വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാൻ സാവകാശം നൽകാൻ നടപടി

103 [571] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് എംപ്ലോയീസ് ഹൗസിംഗ് സഹകരണസംഘത്തിൽനിന്നും ഭവനവായ്പ എടുത്തവർക്ക്, വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാൻ കമ്പനിതുറന്നു പ്രവർത്തിക്കുന്നതുവരെ സാവകാശം നൽകുമോ;

(ബി) വായ്പ എടുത്ത തൊഴിലാളികൾക്ക് അത് തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് ജപ്തി-ലേല നടപടികൾക്ക് നോട്ടീസ് ലഭിച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജപ്തി-ലേല നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമമനുസരിച്ച് ഇത്തരമൊരു നിർദ്ദേശം നൽകാൻ നിർവ്വാഹമില്ല.

(ബി) ഉണ്ട്.

(സി) നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുവാൻ കഴിയില്ല.

സഹകരണ ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

104 [572] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

" *ജോസഫ് എം. പുതുശ്ശേരി:*

" *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം എത്ര ആളുകൾക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly